0012397

K19U 3152

Reg. No. : ..............................

Name : ..................................

I Semester B.A. Degree (CBCSS - Supplementary./Improvement.)
Examination, November - 2019
(2017-2018 Admissions)
CORE COURSE IN MALAYALAM
1B 01 MAL : PRACHEENA MADHYAKALA KAVITHA

സമയം : 3 മണിക്കൂർ മാർക്ക് : 40

I. 300 വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (2×7=14)

1. എഴുത്തച്ഛന്റെ 'ഭാവാവിഷ്കാര' പൂർണ്ണത അനുഭവവേദ്യമാകുന്ന ഭാഗമാണ് 'സ്ത്രീപർവ്വം' - പരിശോധിക്കുക.
2. രാമചരിത ഭാഷയെപ്പറ്റി ഉപന്യസിക്കുക.
3. കണ്ണശ്ശരാമായണത്തിന് പാട്ടിന്റെ ലക്ഷണം എത്രത്തോളം യോജിക്കുന്നു എന്ന് പരിശോധിക്കുക.
4. 'ഒതേനനും ഓണപ്പുടവയും' ആസ്പദമാക്കി നാടൻപാട്ടിന്റെ പ്രത്യേകതകൾ വിവരിക്കുക.

II. നൂറ്റമ്പതു വാക്കിൽ കവിയാതെ ആറു ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. (4×3=12)

5. പഠിക്കാനുള്ള മുക്തകങ്ങൾക്ക് ആസ്വാദനമെഴുതുക.
6. കൃഷ്ണഗാഥയിലെ ആവിഷ്കരണശൈലി വിശദീകരിക്കുക.
7. 'ഗണപതി പ്രാതലിനെ' ആധാരമാക്കി നമ്പ്യാരുടെ രചനാരീതി വിലയിരുത്തുക.
8. കുചേലവൃത്തം ഒരു മികച്ച ഭാവഗീതമാണ് - പരിശോധിക്കുക.
9. 'ഊഴിയിൽ ചെറിയവർക്കു വേണ്ടി' 'ഊനമറ്റ ഇരാമ ചരിതത്തിൽ തെല്ല്' എന്നി പരാമർശങ്ങളുടെ പൊരുൾ ചർച്ച ചെയ്യുക.

P.T.O.

10. 'കാച്ചിക്കുറുക്കിയ വാൽമീകി രാമായണം ' എന്ന വിശേഷണം കണ്ണശ്ശ രാമായണത്തിന് എത്ര കണ്ട് യോജിക്കും?

III. നൂറു വാക്കിൽ കവിയാതെ ആറു ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. (4×2=8)

11. 'അഴിമാതിനെ നിചാചരവനൻ കവർന്നുകൊ-
ണ്ടാഴിമാതങ്ങൾ വരുംമുന്നം മറന്ത വഴിയേ
ഊഴിമീതു നടന്നന്റു കവിമന്നനുറവാ-
യോടി നാടുകെനവേയരികൾ നാലു തിചൈയും' വിവക്ഷിതമെന്ത് ?

12. ''വൈരിയായുള്ളൊരു വൈനതേയന്തന്നെ
വൈകാതെ ചെന്നിന്നു കണ്ടാലും നീ.?'' സന്ദർഭമെഴുതുക.

13. 'ആധി നിനക്കിനി വേണ്ട ധനേശ്വര!
പല കുറവു പല ദിവസമധികമിഹ ചെയ്കിലും' സന്ദർഭമെഴുതി വിശദീകരിക്കുക.

14. 'കുന്നെടുത്തു കുടയാക്കീട്ടേഴഹോരാത്രം മുഴുവൻ
നിന്നു കുഞ്ഞിക്കൃഷ്ണൻ നിജ പശുപശുപാലൻ' സൂചിത കഥയെഴുതി വിശദീകരിക്കുക.

15. നളചരിതത്തിലെ കലിയുടെ സ്വഭാവം വിവരിക്കുക.

16. 'പട്ടുകിടക്കമേലേ കിടക്കുന്ന നീ
പട്ടുകിടക്കുമാറായിതോ ചോരയിൽ' സന്ദർഭമെന്ത്?

IV. ഒറ്റവാക്കിലോ വാക്യത്തിലോ ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (6×1=6)

17. രാമചരിതത്തിൽ എത്ര പടലങ്ങളുണ്ട്?

18. 'വാസന്തി മധുവാർന്ന വാക്കിനു' എന്നു തുടങ്ങുന്ന മുക്തകം എഴുതിയതാര് ?



19. നളചരിതത്തിന് കാന്താരതാരകം എന്ന വ്യാഖ്യാനം എഴുതിയതാര് ?

20. ഭാഷാഷ്ടപദി ആരുടെ കൃതിയാണ് ?

21. 'പനസി ദശായാം പാശി' തോലന്റേതായി പറയുന്നഈ വാക്യത്തിന്റെ അർത്ഥമെന്ത്?

22. 'അവക്രയാക്കിയെന്നല്ല മാറത്തേ മങ്കയെക്കാളു-
മവൾക്കഴകേറ്റിവെച്ചതെന്തിന്നിരിപ്പൂ!' ഏത് കൃതിയിൽ നിന്ന് ?

23. 'ക്ഷീണനായ് നിന്നങ്ങു കേണു തുടങ്ങിനാൻ
പ്രാണങ്ങൾ പോവോളമായിക്കൂടി.' ആര് ?

24. 'പ്രാലേയപർവ്വതപുത്രി' എന്ന് നമ്പ്യാർ വിളിക്കുന്നതാരെ?